**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5701** **18.11.2019 – ൽ മറുപടിക്ക്.**

**ഭക്ഷ്യഭദ്രതാ നിയമ പ്രകാരം ലഭിക്കുന്ന റേഷൻ സാധനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. വി. വിജയദാസ് :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരുന്ന റേഷൻ ഇനങ്ങളിൽ കുറവു വന്നിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | **(എ)** എ.എ.വൈ ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗത്തിന് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കും പ്രകാരമുള്ള അളവിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ മുൻഗണനേതര വിഭാഗത്തിന് നൽകുന്നതിനുള്ള ധാന്യ വിഹിതം പരിമിതമാണ്. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം 5 കി.ഗ്രാം ഭക്ഷ്യധാന്യം ഒരാളിന് എന്നാണ് നിയമപരമായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ സംസ്ഥാനത്തെ മുൻഗണനേതര വിഭാഗത്തിലെ 2,00,98,624 ആളുകൾക്ക് 5 കി.ഗ്രാം വീതം ആവശ്യമായ 100493 മെ.ടൺ ഭക്ഷ്യധാന്യത്തിൽ ആവശ്യകതയുടെ 1/3 ആയ 33294.198 മെ.ടൺ ഭക്ഷ്യധാന്യമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അതായത് അരിയുടെ വിതരണത്തിൽ 15 ശതമാനവും ഗോതമ്പിന്റെ വിതരണത്തിൽ 6 ശതമാനവും ശരാശരി കുറവ് വന്നിട്ടുണ്ട്. |
| **(ബി)** ഇപ്രകാരം കുറവ് വന്നിട്ടുള്ള റേഷൻ സാധനങ്ങൾ പുനസ്ഥാപിച്ചു കിട്ടുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ? | **(ബി)** 2018 മേയ് 15-ാം തീയതി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷിയോഗ തീരുമാന പ്രകാരം സംസ്ഥാനത്തിനുള്ള ഭക്ഷ്യ വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തെ സമീപിച്ചിരുന്നു. എന്നാൽ ഭക്ഷ്യ വിഹിതം നാളിതുവരെ വർദ്ധിപ്പിച്ച് നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**